# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5948 — 07.07.2014 ലെ മറുപടിക്ക്

**നഗരസഭാതിർത്തികളിലെ കെട്ടിടനിർമ്മാണാനുമതി**

**ചോദ്യം**

ശ്രീ.കെ.എൻ.എ.ഖാദർ :

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)

(എ) നഗരസഭാതിർത്തികളിൽ കെട്ടിടനിർമ്മാണാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) അത്തരം അപേക്ഷകളിൽ അനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; അപേക്ഷയിൽ അപാകതകളുണ്ടെങ്കിൽ അത്ു പരിഹരിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകാറുണ്ടോ ;

(ബി) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും 1999 ലെ KMBR ലെയും വ്യവസ്ഥകൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ 30 ദിവസത്തിനകം അനുമതി നൽകുവാൻ വ്യവസ്ഥയുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷകളിൽ എന്തെങ്കിലും അപാകതകളോ മറ്റുവകുപ്പുകളുടെ/ഏജൻസികളുടെ NOC/കൺകറൻസോ ആവശ്യമുള്ളപക്ഷം അത് പരിശോധിച്ച് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് അപേക്ഷകന് നോട്ടീസ് നൽകാറുണ്ട്.

(സി) ഉണ്ടെങ്കിൽ അനുമതി നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് കൈക്കൊള്ളുന്നത് എന്നറിയിക്കുമോ ;

(സി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ് വെയർ വഴി കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും, അംഗീകാരം നൽകുന്നതിനുമുള്ള ഓൺലൈൻ സംവിധാനം നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനകം തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിലൂടെ നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ കൂടുതൽ വേഗത്തിലും, കൃത്യതയോടെയും, സുതാര്യമായും അംഗീകാരം നൽകിവരുന്നു.

(ഡി) തീർപ്പാക്കാതെ കിടക്കുന്ന അത്തരം അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

(ഡി) കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 16.12.2013 ലെ 73576/ആർ.എ 1/13/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് അദാലത്തുകൾ നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ